**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2757** **06-10-2025 - ൽ മറുപടിയ്ക്ക്**

**ബാറ്ററി ചാർജിംഗ് യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതുതായി ബാറ്ററി ചാർജിംഗ് യൂണിറ്റുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>കേരളത്തിൽ കെ.എസ്.ഇ.ബി.എൽ., എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും ആയി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനായി, വിവിധ ഗവൺമെന്റ് സ്കീമുകളിൽ, ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ച് കൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിംഗ് ശൃംഖല പടുത്തുയർത്തിയത്. കൂടാതെ ധാരാളം ചാർജിംഗ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എല്ലാ നിയോജകമണ്ഡലങ്ങളിലുമായി, **CAPEX** മാതൃകയിൽ എംഎൽഎ ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജ്ജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. എംഎൽഎ-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന നിലയിൽ **140** ഇടങ്ങളിൽ സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.<br><br>**അനെർട്ട്**<br><br>പുതുക്കാട് മണ്ഡലത്തിൽ വിവിധ ബാറ്ററി വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ടും, കൂടാതെ ദേശീയപാത/സംസ്ഥാന പാതയോടു ചേർന്ന് Cafeteria, Washroom സൗകര്യത്തോടു കൂടിയുള്ള 800 sq.ft മുതൽ 1000 sq.ft വരെ സ്ഥലവും 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ അനെർട്ട് മുഖേന ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. ഓരോ പബ്ലിക് ഇ.വി. ചാർജിംഗ് സ്റ്റേഷനിലും ഇലക്ട്രിക്ക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60KW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക്ക് 2 വീലറുകൾക്കു ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനായി 12KW ശേഷിയുള്ള LECCS മെഷീനും 12KW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കേണ്ടതുള്ളതായും അനെർട്ട് അറിയിച്ചിട്ടുണ്ട്. |
| (ബി) | പുതുക്കാട് മണ്ഡലത്തിൽ പാലിയേക്കര, പുതുക്കാട് ഉൾപ്പെടെയുള്ള വിവിധ സെന്ററുകളിൽ വിവിധ ബാറ്ററി വാഹനങ്ങൾ ചാർജ് ചെയ്യാവുന്ന തരത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>കേരളത്തിൽ കെ.എസ്.ഇ.ബി.എൽ., എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും ആയി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനായി, വിവിധ ഗവൺമെന്റ് സ്കീമുകളിൽ, ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ചു കൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിംഗ് ശൃംഖല പടുത്തുയർത്തിയത്. കൂടാതെ ധാരാളം ചാർജിംഗ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എല്ലാ നിയോജകമണ്ഡലങ്ങളിലുമായി, **CAPEX** മാതൃകയിൽ എംഎൽഎ ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജ്ജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. എംഎൽഎ-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന നിലയിൽ **140** ഇടങ്ങളിൽ സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.<br><br>**<u>അനെർട്ട്</u>**<br><br>പുതുക്കാട് മണ്ഡലത്തിൽ വിവിധ ബാറ്ററി വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ടും, കൂടാതെ ദേശീയപാത/സംസ്ഥാന പാതയോട് ചേർന്ന് Cafeteria, Washroom സൗകര്യത്തോടു കൂടിയുള്ള **8**00 sq.ft മുതൽ 1000 sq.ft വരെ സ്ഥലവും 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ അനെർട്ട് മുഖേന ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. ഓരോ പബ്ലിക് ഇ.വി. ചാർജിംഗ് സ്റ്റേഷനിലും ഇലക്ട്രിക്ക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60KW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക്ക് 2 വീലറുകൾക്ക് ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനായി 12KW ശേഷിയുള്ള LECCS മെഷീനും 12KW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കേണ്ടതുള്ളതായും അനെർട്ട് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ